LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇടക്കാലാശ്വാസവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളുമായി ചർച്ച നടത്തിയിട്ടില്ല. സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയമിച്ച ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്. അതിനാൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

62 (67) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന് എത്ര തവണ കാലാവധി ദീർഘിപ്പിച്ച് നൽകുകയുണ്ടായി ; ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; മെയിൻ ലിസ്റ്റിൽ എത്ര പേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമന ശിപാർശ നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇനിയും എത്ര പേർക്ക് നിയമന ശിപാർശ നൽകുവാനുള്ള ഒഴിവുകൾ നാളിതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉദ്യോഗക്കയറ്റം മുഖേനയും റിട്ടയർമെന്റ് മുഖേനയും ഏത് കാലയളവുവരെ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനാണ് ഇപ്പോൾ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകൾ എത്ര ഒഴിവുകൾ ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശം അനുസരിച്ച് ഇത്തരം ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം അനുസരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുവാനും അത് നടപ്പിലാക്കുവാനും എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-3-2012-ന് നിലവിൽ വന്നു.

(ബി) ഒരു തവണ കാലാവധി ദീർഘിപ്പിച്ചു. 31-3-2015-ന് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും; മെയിൻ ലിസ്റ്റിൽ 3052 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിൽ നിന്നും 18-2-2015 വരെ ആകെ 1554 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഒഴിവുകളും, 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണവും കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ലഭ്യമായ വിവരങ്ങൾ പ്രകാരം 7-3-2015 വരെ സംസ്ഥാനത്തൊട്ടാകെ 432 ഒഴിവുകൾ വിവിധ വകുപ്പുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തതായി വിവരം ലഭിച്ചിട്ടില്ലാത്ത വകുപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) സർക്കാരിന്റെ പരിശോധനാ സംഘം 17 വകുപ്പുകളിൽ എൽ.ഡി.സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പരിശോധന നടത്തുകയും, റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയ വകുപ്പുകളോട് വിശദീകരണം ആവശ്യപ്പെടുകയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉണ്ടായ തടസ്സങ്ങൾ നീക്കി അവ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly